കേര രോഗ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ

66 [3413] ശ്രീ. ബി. വിജയകുമാർ:
,, പി. ജെ. ജോയി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. കാർത്തികേയൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ്രോഗ നിർമ്മാർജ്ജനത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ വർഷം ഇതുവരെ എവിടെയെല്ലാം പ്രസ്തുത രീതി നടപ്പാക്കി; ഇതിന് എന്തു ചെലവുണ്ടായി;

(സി) ഇതിന്റെ ഫലമായി എത്ര തെങ്ങുകളുടെ രോഗം ഇല്ലാതാക്കാൻ കഴിഞ്ഞു;

(ഡി) അതുമൂലം നാളികേര ഉൽപ്പാദനത്തിൽ എന്തു വർദ്ധനവുണ്ടായി;

(ഇ) വെള്ളത്തിൽ ഉപ്പ് ലയിപ്പിച്ച് ചാരവും ചേർത്ത് തെങ്ങിന്റെ മണ്ഡയിൽ തളിക്കുന്നത് മണ്ഡരിക്കും കാറ്റുവീഴ്ചയ്ക്കും ശമനമുണ്ടാക്കുമോ?

ഉത്തരം

(എ) കാറ്റുവീഴ്ചരോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം രോഗപ്രതിരോധ ശക്തിയുള്ള മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത വളപ്രയോഗം നടത്തുക, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക, ജൈവവള യൂണിറ്റുകൾക്ക് ധനസഹായം നൽകുക, ജൈവവള വിത്തുവിതരണം നടത്തുക, കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക എന്നീ സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ടെക്നോളജി മിഷൻ പദ്ധതിപ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്ന പദ്ധതി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലും സംസ്ഥാനാവിഷ്കൃത പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലും നാളികേര വികസന പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്. ആകെ 1096.13979 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ഈ വർഷം രോഗം ബാധിച്ച 1,53,698 തെങ്ങുകൾ വെട്ടിനീക്കിയിട്ടുണ്ട്. രോഗം ഇല്ലാതാക്കുക എന്നുള്ളതല്ല രോഗബാധ നിയന്ത്രിക്കുകയും രോഗവിമുക്ത മേഖല സൃഷ്ടിക്കുകയുമാണ് പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) തെങ്ങ് ദീർഘകാലവിളയായതിനാൽ ഉൽപ്പാദന വർദ്ധനവിന്റെ കണക്ക് ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ളത് കണക്കാക്കുവാൻ സാധിക്കുകയില്ല.

(ഇ) ഇതിന്റെ ഫലങ്ങൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly